# ബാബിലോണിന്റെ ന്യായവിധി.

സാക് പുന്നൻ

WFTW 02 ഫെബ്രുവരി 2014

വെളിപ്പാട് (19:1) ൽ നാം വായിക്കുന്നു 'അനന്തരം ഞാൻ സ്വർഗ്ഗത്തിൽ വലിയോരു പുരുഷാരത്തിന്റെ മഹാഘോഷം പോലെ കേട്ടത്, 'ഹല്ലേലുയ്യാ'രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിനുള്ളത്. വേശ്യവൃത്തികൊണ്ട് ഭൂമിയെ വഷളാക്കിയ മഹാവേശ്യക്ക് അവൻ ശിക്ഷ വിധിച്ചു. തന്റെ ദാസൻമാരുടെ രക്തം അവളുടെ കയ്യിൽ നിന്നു ചോദിച്ച് പ്രതികാരം ചെയ്തുകൊണ്ട് അവന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ 'രണ്ടാം പ്രാവശ്യവും അവർ പറഞ്ഞു 'ഹല്ലേലുയ്യാ അവളുടെ പുക എന്നെന്നേക്കും പൊങ്ങുന്നു.' ഇരുപത്തിനാലു മൂപ്പൻമാരും നാലു ജീവികളും സിംഹാസനത്തിലിരിക്കുന്ന ദൈവത്തെ വീണു നമസ്കരിച്ചുകൊണ്ട് പറഞ്ഞു. 'ആമേൻ ഹല്ലേലുയ്യാ!' 'ദൈവത്തിന്റെ സകല ദാസാരും ഭക്തരുമായി ചെറിയവരും വലിയവരും ആയുള്ളോരെ, അവനെ വാഴ്ത്തുവിൻ' എന്നു പറയുന്നോരു ശബ്ദം സിംഹാസനത്തിൽനിന്നും പുറപ്പെട്ടു. അപ്പോൾ വലിയ പുരുഷാരത്തിന്റെ ഘോഷംപോലെയും പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയും തകർത്ത ഇടി മുഴക്കം പോലെയും ഞാൻ കേട്ടത് 'ഹല്ലേലുയ്യാ! സർവ്വശക്തിയുമുള്ള നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു അവന് മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.'

'ഹല്ലേലുയ്യാ!' ഒരു അത്ഭുതകരമായ വാക്കാണ്, അത് അർത്ഥമാക്കുന്നത് 'കർത്താവിനെ സ്തുതിക്കുക' എന്നാണ്. പുതിയ നിയമത്തിൽ അത് നാല് തവണ മാത്രമേ വരുന്നുള്ളൂ അതുനാലും ഇവിടെ വെളിപ്പാട് 19 : 1 6 ലാണ്. പുതിയ നിയമത്തിൽ 'ഹല്ലേലുയ്യാ' എന്ന വാക്ക് ആദ്യം വരുന്നത് ബാബിലോൺ എന്ന വേശ്യ ന്യായവിധിക്കപ്പെടുമ്പോഴാണ് എന്ന കാര്യം ശ്രദ്ധിക്കുന്നത് രസകരമാണ്. നാമും അതിനുവേണ്ടിതന്നെ ആയിരിക്കണം 'ഹല്ലേലുയ്യാ!' എന്നു ഘോഷിക്കുന്നത്. എന്നാൽ ഇപ്പോഴും ബാബിലോണിൽ ഇരിക്കുന്ന കരിസ് മാറ്റിക് കാർക്ക് ഈ കാര്യത്തിൽ 'ഹല്ലേലുയ്യാ' പറയാൻ സാധിക്കുകയില്ല കാരണം ബാബിലോണിന്റെ ആഭിചാരത്തിന്റെ മാന്ത്രികശക്തി അവരെ വഞ്ചിച്ചിരിക്കുന്നു!! ഒരു പരിഭാഷയിൽ ഇങ്ങനെ പറയുന്നു ' വേശ്യാവൃത്തികൊണ്ട് ഭൂമിയെ വിഷലിപ്തമാക്കിയ ഒരുവൾ' ഒരു ാസ്സ് പാൽ മരണകാരണമാക്കുവാൻ ഏതാനും തുള്ളി വിഷം മതിയകും അങ്ങനെയാണ് ബാബിലോൺ ക്രിസ്തീയ വിശ്വസത്തെ ദുഷിപ്പിച്ചിരിക്കുന്നത് മനുഷ്യന്റെ പാരമ്പര്യങ്ങൾ സത്യവുമായി കൂട്ടിക്കലർത്തി. ഇപ്പോൾ ദൈവം തന്റെ ദാസാരുടെ രക്തത്തിനു വേണ്ടി അവളോട് പ്രതികാരം ചെയ്യുകയാണ്.

രണ്ടാം പ്രാവശ്യവും അവർ ' ഹല്ലേലുയ്യാ' എന്നു അത്യുച്ചത്തിൽ ഘോഷിക്കുന്നത് ഇതേകാരണത്തിനാണ്. വേശ്യ ന്യായം വിധിക്കപ്പെട്ടപ്പോൾ സ്വർഗ്ഗത്തിൽ അത്ര അമിതമായ സന്തോഷമാണ് ഉണ്ടായത്.

ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടാകുന്നു (ലൂക്കോ : 15 :10) അതു നമുക്ക് മനസ്സിലാക്കാൻ കഴിയും.

ഒരു വിശ്വാസി സാത്താനെ ജയിക്കുമ്പോൾ സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടാകുന്നു(വെളി : 12: 11,12) അതും നമുക്ക് മനസ്സിലാക്കാൻ കഴിയും.

എന്നാൽ ദൈവവചനം ഇങ്ങനെ പറയുന്നതിനെക്കുറിച്ച് എന്തുപറയുന്നു. 'സ്വർഗ്ഗമേ, വിശുദ്ധാരും അപ്പോസ്തലാരും പ്രവാചകാരും ആയുള്ളോരെ ദൈവം അവളോട് നിങ്ങൾക്കുവേണ്ടി പ്രതികാരം നടത്തിയതുകൊണ്ട് അവളെച്ചൊല്ലി ആനന്ദിപ്പിൻ' (വെളി. 18:20) നമുക്കത് മനസ്സിലാക്കാൻ കഴിയുമോ? നമുക്ക് കഴിയുന്നില്ലെങ്കിൽ, അതിന്റെ കാരണം നാം ദൈവത്തിന്റെ വഴികൾ മനസ്സിലാക്കിയിട്ടില്ല എന്നതാണ്.

അധികം ആളുകളിൽ നിന്നും ബാബിലോണിന്റെ മേലുള്ള ദൈവത്തിന്റെ ന്യായവിധി സാത്താൻ മറച്ചു വച്ചിരിക്കുകയാണ്. എന്നാൽ ബാബിലോൺ തുറന്നു കാട്ടപ്പെടുമ്പോഴും അവളുടെ ക്ഷുദ്രപ്രയോഗവും അവളുടെ വഞ്ചനയും എല്ലാവർക്കും കാണേണ്ടതിന് വെളിപ്പെടുത്തുകയും, ഒടുവിൽ എന്നന്നേക്കുമായി അവൾ

ന്യായവിധിക്കപ്പെടുകയും, ചെയ്യുമ്പോൾ സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകുന്നു എന്നു നാം വ്യക്തമായി കാണണം.

ഇന്നു തന്നെ ആ സന്തോഷം മുൻകൂട്ടി കാണണം എന്നിട്ട് പറയണം 'ഹല്ലേലുയ്യാ!' ഈ ദുഷിച്ച വ്യവസ്ഥിതി ഒരുനാൾ ന്യായം വിധിക്കപ്പെടും എന്നതിനാൽ കർത്താവിനെ സ്തുതിക്കുന്നു.ജനത്തെ വഞ്ചിക്കുകയും, ക്രിസ്തുവിന്റെ നാമത്തെ അപമാനിക്കുകയും, ക്രൂശെടുത്ത് യേശുവിന്റെ കാല്പാടുകളെ പിന്തുടരാൻ താൽപര്യമില്ലാത്തതും, എന്നാൽ ഈ ലോകത്തിൽ ഐശ്വര്യപൂർണ്ണമായ ഒരു സമയം ഉണ്ടാകുന്നതിലും, മഹാനാകുന്നതിലും, അല്ലെങ്കിൽ ക്രിസ്ത്യാനിത്വത്തിന്റെ പേരിൽ പണമുണ്ടാക്കുന്നതിലും മാത്രം താല്പര്യമുള്ള ഒരു വ്യവസ്ഥിതി അങ്ങയുടെ നാമത്തിൽ നടക്കുന്ന ഈ എല്ലാ അസംബന്ധങ്ങളും വിചിത്രമായ വേഷങ്ങളും, സ്വർണ്ണകുരിശുകളും, കിരീടങ്ങളും, സദ്യകളും, ഉത്സവങ്ങളും വേഗത്തിൽ നശിപ്പിക്കപ്പെടാൻ പോകുന്നതിനാൽ കർത്താവിനെ സ്തുതിക്കുന്നു. ഹല്ലേലുയ്യ! അവളുടെ പുക എന്നെന്നേക്കും പൊങ്ങുന്നു' ഇതാണ് സ്വർഗ്ഗത്തിൽ ആത്മാവ് ഇതിന്റെ ഒരംശം ഇപ്പോഴെ നമ്മിലേക്കു വരേണ്ട ആവശ്യമുണ്ട്. നിങ്ങൾ ദൈവത്തോടും സ്വർഗ്ഗത്തിൽ വസിക്കുന്നവരോടും കൂടെ ഒരേ ആത്മാവിലാണെങ്കിൽ, ബാബിലോണിന്റെ നാശത്തിന്റെ മേലുള്ള അവരുടെ സന്തോഷത്തിൽ നിങ്ങളും പങ്കുചേരും!!

മൂന്നാമത്തെ 'ഹല്ലേലുയ്യാ' യും ഇതേകാരണത്തിനാണ്! വേശ്യ വിധിക്കപ്പെട്ടു എന്നതു കൊണ്ടുമാത്രം മൂന്നു 'ഹല്ലേലുയ്യാ' കൾ അത് 'ബാബിലോൺ നശിപ്പിക്കപ്പെട്ടതിനാൽ മൂന്ന് ചിയേഴ്സ്' എന്ന് ഉച്ചത്തിൽ വിളിച്ചു പറയുന്നതുപോലെയാണ്.

നാലാമത്തെ തവണ അവർ 'ഹല്ലേലുയ്യാ' പറയുകയും സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകുകയും ചേയ്യുന്നത് ക്രിസ്തുവിന്റെ കാന്ത അവളുടെ വിവാഹത്തിനായി തന്നെത്താൻ ഒരുക്കിയിരിക്കുമ്പോഴാണ് !! സർവ്വശക്തിയുള്ള കർത്താവായ ദൈവം വാഴുന്നതുകൊണ്ട്, ഭൂമിയിൽ കാന്ത നേരിട്ട എല്ലാ പീഢനങ്ങളും എതിർപ്പുകളും അവളുടെ നന്മക്കായും വിവാഹനാളിനായി അവളെ ഒരുക്കുവാനുമായിട്ട് അവിടുന്ന് ആക്കി തീർത്തു.!!

(മൊഴിമാറ്റം: സൂസമ്മ ജേക്കബ്, ആലപ്പുഴ)